# ഓർത്തഡോക്സ് സഭയിൽ ഏഴു ബിഷപ്പുമാർകൂടി

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭ ഏഴു ബിഷപ്പുമാരെക്കൂടി തിരഞ്ഞെടുക്കുന്നു. ഇതിനായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ 2010 ഫെബ്രുവരി 17നു ചേരും. ഇന്നലെ ചേർന്ന സഭാ മാനേജിങ് കമ്മിറ്റി യോഗത്തിൽ അധ്യക്ഷതവഹിച്ച പരിശുദ്ധ ബസേലിയോസ് മാർ തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായാണ് ഇക്കാര്യം പ്രഖ്യാപിച്ചത്.

മലങ്കരസഭയുടെ 1960-ാം വാർഷികവും കാതോലിക്കേറ്റിന്റെ ശതാബ്ദിയും ആഘോഷിക്കുന്നതിനായി രൂപീകരിച്ച കോർ കമ്മിറ്റിയുടെ പ്രസിഡന്റ് തോമസ് മാർ അത്താനാസിയോസ് ആഘോഷപരിപാടികളുടെ രൂപരേഖ അവതരിപ്പിച്ചു. അർജുന അവാർഡ് നേടിയ സിനിമോൾ പൗലോസിനെ അനുമോദിച്ചു. പ്രഫഷനൽ വിദ്യാഭ്യാസരംഗത്തെ അഭികാമ്യമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനു സുപ്രീം കോടതി നിർദേശിച്ചിരിക്കുന്നതുപോലെ ദേശീയതലത്തിൽ നിയമനിർമാണം നടത്തണമെന്നു കേന്ദ്ര സർക്കാരിനോട് അഭ്യർഥിക്കുന്ന പ്രമേയം അംഗീകരിച്ചു.

പഴയസെമിനാരി വളപ്പിൽ സുന്നഹദോസ് സമ്മേളനത്തിനും റിട്ടയർ ചെയ്യുന്ന മെത്രാപ്പൊലീത്തമാർക്കു വിശ്രമിക്കുന്നതിനുമായി ശതാബ്ദി സ്മാരക കെട്ടിട സമുച്ചയം പണിയും.

ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ്, ഡോ. സഖറിയാസ് മാർ തെയോഫിലോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, ഗീവർഗീസ് മാർ കൂറിലോസ്, സഖറിയാസ് മാർ അന്തോനിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയസ്, യൂഹാനോൻ മാർ പോളിക്കാർപ്പസ്, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, പ്രഫ. ഇ. ജെ. ജോൺ, മാത്യു ചെറിയാൻ തുടങ്ങിയവർ പ്രസംഗിച്ചു. സെക്രട്ടറി ഡോ. ജോർജ് ജോസഫ് മിനിറ്റ്സ് അവതരിപ്പിച്ചു.

ആർഭാടങ്ങളും അനാവശ്യ ചെലവുകളും ഒഴിവാക്കി സാമ്പത്തികമാന്ദ്യം ഉയർത്തുന്ന പ്രശ്നങ്ങൾ നേരിടണമെന്നും പ്രതിസന്ധികളുടെ ഘട്ടം പരിശീലനകാലമായി പരിഗണിച്ചു പ്രാർഥനയോടും പ്രത്യാശയോടുംകൂടി പ്രവർത്തിക്കണമെന്നും പരിശുദ്ധ കാതോലിക്കാ ബാവാ യോഗത്തിൽ ആഹ്വാനം ചെയ്തു.

കുടുംബങ്ങളിലുണ്ടാകുന്ന അപകടകരമായ ശിഥിലീകരണ പ്രവണതകൾ പരിഗണിച്ച് ഒക്ടോബർ കുടുംബഭദ്രതാ മാസമായി ആചരിക്കുമെന്നും ആചരണത്തിന്റെ ഉദ്ഘാടനം ഒക്ടോബർ നാലിനു മാർ ഏലിയാ കത്തീഡ്രലിൽ നടത്തുമെന്നും ബാവാ പറഞ്ഞു.

ഫാ. ഏലിയാസ് ചെറുകാട് നയിച്ച ധ്യാനപ്രസംഗത്തോടെയാണു യോഗം ആരംഭിച്ചത്. സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങൾക്കായി പരിശീലന കളരി സെപ്റ്റംബർ 22നു പരുമല സെമിനാരിയിൽ നടത്തും. മുൻ മാനേജിങ് കമ്മിറ്റി അംഗം ഫാ. ജോൺ ദാനിയേലിന്റെ നിര്യാണത്തിൽ യോഗം അനുശോചിച്ചു.